# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P8-1943/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ
കാര്യാലയപ്രതി

നമ്പർ: KSA/KKD/P8-1943/2022 തീയ്യതി: 01/12/2022

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-03-2022 മുതൽ 17-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 19-09-2022 | 26-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2022 | 26-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പ്രസീത കുമാരി. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.പി .സുനിൽകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ചന്ദ്രൻ | സെക്രട്ടറി | 01-04-2021 | 11-05-2021 |
| ശ്രീമതി രജിത.കെ | സെക്രട്ടറി | 12-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. നിഷ.ഐ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സതീഷ്.ഒ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത.കെ.ജി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലാവണ്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ. രൂപ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ. ബേബി പീത | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു. എൻ.പി | സാമൂഹ്യ നീതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രേഖ.പി.ആനന്ദ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സൽന.എം | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാത്തത് സംബന്ധിച്ച്. | 1-2-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-6 B |
| 10 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം -സംരംഭം പ്രവർത്തനമാരംഭിച്ചിട്ടില്ല | 1-7 |
| 11 | YES I AM വനിതാ ജിം പ്രവർത്തനം ആരംഭിച്ചില്ല | 1-8 |
| 12 | ചെലവഴിച്ച തുകയ്ക്ക് സാധനങ്ങൾ ലഭ്യമാക്കിയില്ല | 1-9 |
| 13 | ബോർവെൽ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-10 |
| 14 | അകലാ പുഴ സംരക്ഷണം - ജി.ഐ.എസ്. സർവ്വേ പ്രവർത്തനം- ഐ.കെ.എം. സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തില്ല പദ്ധതി പ്രാപ്തിയിലെത്തിയില്ല | 1-11 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഭരണസമിതിയുടെ 26/03/2022 ലെ 147/2021-22 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയുമാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, റവന്യൂ വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 15.07.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.വാർഷിക കണക്കിലെ ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ല .

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-2-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാത്തത് സംബന്ധിച്ച്.

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 4 പ്രകാരം വിവിധ വർഷങ്ങളിലായി ലഭിച്ച താഴെ പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| 1 | സെൻട്രലി സ്പോൺസേർഡ് സ്കീം- ടോട്ടൽ സാനിട്ടേഷൻ ക്യാംപയിൻ ( | 7,39,907 |

| | | |
|---|---|---|
| | TSC ) | |
| 2 | കേരളോത്സവം ഗ്രാന്റ് | 1,25,000 |
| 3 | നിർമ്മൽ പുരസ്കാർ | 70,584 |
| 4 | ഗ്രാന്റ്സ്, ഫണ്ട്സ്, കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ് അദർ ദേൻ ഡവലപ്പ്മെന്റ് ആന്റ് സ്റ്റേറ്റ് സ്പോൺസേർഡ് | 988701 |
| 5 | നിർമ്മൽ പുരസ്കാർ | 245000 |
| 6 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ | 134700 |
| 7 | റിക്കവറീസ് പേയബിൾ കോവിഡ് | 140031 |

മേൽ പ്രകാരമുള്ള തുകകൾ വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. കേരളോത്സവം ഗ്രാന്റ് ഇനത്തിൽ യുവജനക്ഷേമ ബോർഡിൽ നിന്നും ലഭിച്ച 1,25,000/- രൂപ (ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ) ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ആയത് പ്രസ്തുത ബോർഡിന്റെ അനുമതിയോടെ വരും വർഷത്തിൽ കേരളോത്സവത്തിന് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം യുവജനക്ഷേമ ബോർഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30,39,756 |
| വരവ് | 6,90,25,646 |
| ആകെ | 7,20,65,402 |
| ചെലവ് | 6,53,30,283 |
| നീക്കിയിരിപ്പ് | 67,35,119 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23570000 | 23570000 | 23570000 | -- |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 14952000 | 14952000 | 13285834 | 1666166 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 869000 | 869000 | 860000 | 9000 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 7194351 | 7194351 | 1628642 | 5565709 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) (ട്രഷറി വഴി ലഭിച്ചത് ) | 0 | 4415086 | 4415086 | 3707021(*) | 708065 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) (ബാങ്ക് വഴി ലഭിച്ചത് ) | 0 | 6583000 | 6583000 | 1997000 | 4586000 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) (ബാങ്ക് വഴി ലഭിച്ചത് ) | 0 | 4519911 | 4519911 | 4284854 | 235057 |
| 13-ാം ധനകാര്യകമ്മീഷൻഗ്രാന്റ് (Untied) (ട്രഷറി വഴി ലഭിച്ചത് ) | 0 | 342098 | 342098 | 104000 | 238098 |

ട്രഷറി വഴി ലഭിച്ച സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) ഇനത്തിൽ 708065 രൂപയും(അൺ ടൈഡ്) ഇനത്തിൽ 238098/-രൂപയും ബ്ലോക്ക് പഞ്ചായത്തിന് വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.
(*) പട്ടികയിൽ ഉൾപ്പെടുത്തിയ ചെലവ് വാർഷിക കണക്കിലെ RP-7 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 9,32,81,501 | 71 | 5,10,38,735 | 5 | 21 | 73% |

വിവിധ പ്രൊജക്ടുകൾക്കായി 9,32,81,501/- രൂപ വകയിരുത്തിയതിൽ കേവലം 5,10,38,735 /-രൂപ മാത്രമേ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.
ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
|---|---|
| 17 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| 61 | പദ്ധതി ആസൂത്രണവും മോണിട്ടറിംഗും |
| 87 | ഘടകസ്ഥാപനങ്ങൾക്കാവശ്യമായ ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ |

| | |
|---|---|
| 105 | ബ്ലോക്ക് ഓഫീസ് ISO തുടർ പ്രവർത്തനങ്ങൾ |
| 115 | ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2022 -ാം തീയതി 10.30 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 B ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നു. പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 1-11-21 ലെ 84/21 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട് . ഡെപ്പോസിറ്റ് രജിസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവ പൂർണ്ണമല്ല എന്നതൊഴിച്ചാൽ അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ് . മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. 1995-96 മുതൽ 2020-21 വരെ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലായി ആകെ 110 ഖണ്ഡികകൾ മാത്രമേ തീർപ്പാക്കാൻ അവശേഷിക്കുന്നുള്ളൂ.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിലെ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ചൂണ്ടിക്കാട്ടിയ അപാകതകൾ കൂടി പരിഹരിച്ച്, അഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം -സംരംഭം പ്രവർത്തനമാരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 62/22 |
| പ്രൊജക്ട് | വനിതകൾക്ക് സ്വയം തൊഴിൽ |
| വകയിരുത്തിയത് | 31,80,300/- |
| ചെലവ് | 9,00,000 |

വനിതകൾക്ക് വിവിധ മേഖലകളിൽ സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിനാണ് പ്രൊജക്ട്. അതുവഴി നിത്യവരുമാനം നേടുന്നതിന് വനിതകളെ സ്വയംപര്യാപ്തരാക്കാനാണ് ലക്ഷ്യമിടുന്നത്.

രേഖകൾ പരിശോധിച്ചതിൽ 5 പേർ അടങ്ങുന്ന വനിതാ ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്തത്. ഗ്രേഡിങ്ങിലെ വ്യവസ്ഥകൾ അനുസരിച്ച് ഗ്രൂപ്പ് അംഗങ്ങൾ - 18-60 നും ഇടയിൽ പ്രായമുള്ളവരും, ബ്ലോക്ക് പരിധിയിൽ 3 വർഷത്തിൽ അധികമായി താമസിക്കുന്നവരും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയുള്ളവരും വായ്പയെടുത്ത് സംരംഭം ആരംഭിക്കാൻ താൽപര്യമുള്ളവരുമായിരിക്കണം.

മേൽ ഗ്രേഡിംഗ് വ്യവസ്ഥകൾ പാലിച്ച 3 ഗ്രൂപ്പുകളേയും ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ഗ്രൂപ്പുകൾക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

സംക്ഷിപ്തം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | സംരംഭത്തിന്റെ പേര് | അംഗീകരിച്ച തീരുമാനം നമ്പർ | നിലവിലെ അവസ്ഥ | ചെലവിന്റെ വിശദാംശം |
|---|---|---|---|---|
| 1 | അനുഗ്രഹ Tailoring Unit | 16.03.22 ലെ 136ാം നമ്പർ തീരുമാനം | നല്ല നിലയിൽ പ്രവർത്തിക്കുന്നു. | 3,00,000/-രൂപ ബിൽ റഫറൻസ് നമ്പർ21160163009401462531 തി 25.03.22 |
| 2 | ഉദയം പേപ്പർ ക്യാരി ബാഗ് യൂണിറ്റ് | 17.02.22 ലെ 117(2)-ാം നമ്പർ തീരുമാനം | നല്ലനിലയിൽ പ്രവർത്തിക്കുന്നു. | 3,00,000/-രൂപ ബിൽ റഫറൻസ് നമ്പർ 21160163009401486776 തി 26.03.22 |
| 3 | Alkhair Flour Mil & Bakery Unit | 28.9.21 ലെ 54(2)-ാം നമ്പർ തീരുമാനം | പ്രവർത്തനം ആരംഭിച്ചിട്ടില്ല . | 3,00,000/-രൂപ ബിൽ റഫറൻസ് നമ്പർ 21160163009400890069 തി 05.01.22 |

ഇതിൽ 1 ഉം 2 ഉം യൂണിറ്റുകൾ 5,00,000/- രൂപയും 3-ാം നമ്പർ യൂണിറ്റ് 10,00,000/-രൂപയുമാണ് സംരംഭം ആരംഭിക്കുന്നതിന് നരിക്കുനി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പ എടുത്തത്. ഇതേ ബാങ്കിനു തന്നെയാണ് സബ്സിഡി തുകയും അനുവദിച്ചത്. എടുത്തിട്ടുള്ള വായ്പ സംരംഭകർ സമയബന്ധിതമായി തിരിച്ചടക്കേണ്ടതും ഏത് ദിവസമാണോ വായ്പാതുകയും സബ്സിഡി തുകയും ഒന്നാകുന്നത് അപ്പോൾ ബാക്ക് എന്റ് സബ്സിഡി നരിക്കുനി സർവ്വീസ് കോ-ഓപ്പറേറ്റീവ് സെക്രട്ടറി സംരംഭകരുടെ ലോൺ അക്കൗണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതുമാണ്. ബാങ്കിൽ നിന്നും യൂണിറ്റുകൾക്ക് അനുവദിച്ച വായ്പ തുകയുടെയും അവയുടെ തിരിച്ചടവിന്റേയും രേഖകൾ (Bank Statement) പരിശോധിച്ചതിൽ, അനുവദിച്ച വായ്പാ തുകയ്ക്ക് മുഴുവനായും പലിശ സംരംഭകരിൽ നിന്നും ഈടാക്കുന്നതായി കാണുന്നു. ആയതിന്മേൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും സബ്സിഡി തുക കഴിച്ചുള്ള വായ്പക്കു മാത്രം പലിശ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

19.9.22 ലെ മോണിട്ടറിംഗ് റിപ്പോർട്ടിൽ (Alkhair Flourmil & Bakery Unit ന്) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നു കാണുന്നു. 24.09.22 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിലും ആയത് ബോധ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും തുടർ മോണിറ്ററിംഗുകൾ നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-8 YES I AM വനിതാ ജിം പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/22 |
| പ്രോജക്ടിന്റെ പേര് | YES I AM |
| നിർവഹണോദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ |
| വകയിരുത്തിയ തുക | 10,00,000/- രൂപ (വികസന ഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി | 10,00,000/- രൂപ (Bill Reference No. (BRN) 2116016301070150233 2 Dt. 28-03-2022) |

വനിതകളുടെ സമഗ്രമായ ശാക്തീകരണം ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് YES I AM . പിങ്ക് ഫിറ്റ്നസ് മൂവ്മെന്റിന്റെ ഭാഗമായി സ്ത്രീകളിലെ മെച്ചപ്പെട്ട ശാരീരിക മാനസിക ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള ഒരു കാൽവെപ്പാണിത്. പിങ്ക് ഫിറ്റ്നെസ് സെന്റർ സി.ഡി.എസ്-ന്റെ പ്രത്യേക മേൽനോട്ടത്തിലാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഗുണഭോക്താക്കളെ റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ സംവിധാനം എന്നിവ മുഖേന കണ്ടെത്തുകയും ഗുണഭോക്താക്കളിൽ നിന്ന് നിശ്ചിത ഫീസ് ഈടാക്കി കുടുംബശ്രീ ഗ്രൂപ്പിന് തൊഴിൽ ഉറപ്പ് വരുത്തുക എന്നതും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ബ്ലോക്ക് ലെവൽ കമ്മിറ്റി, CDS ലെവൽ കമ്മിറ്റി, ട്രെയിനേഴ്സ് കമ്മിറ്റി എന്നീ ഘടകങ്ങളെ ഉൾപ്പെടുത്തി ഒരു കോർ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ടും ഓരോ കമ്മിറ്റിയിലും നിക്ഷിപ്തമായ

ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയായിരിക്കണമെന്നും വിവരിച്ചുകൊണ്ട് പ്രോജക്ടിനായി ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി കക്കോടി ഗ്രാമപഞ്ചായത്തിലും നരിക്കുനി ഗ്രാമപഞ്ചായത്തിലും വനിതാ ജിം ആരംഭിക്കുന്നതിനായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെണ്ടർ നടത്തുകയും ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത Beyond Enterprises എന്ന സ്ഥാപനത്തിൽ നിന്നും വ്യയാമ ഉപകരണങ്ങൾ മേൽ ബിൽ പ്രകാരം വാങ്ങുകയും ചെയ്തു. 27.08.2022 ന് ഫിറ്റ്നസ് സെന്ററിലേക്ക് വനിതാ ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനായി പത്രപരസ്യം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇവരുടെ നിയമനം ഓഡിറ്റ് സമയം വരെയും നടന്നിട്ടില്ല.

വ്യായാമ ഉപകരണങ്ങൾ ലഭ്യമാക്കി ജിമ്മിനായുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഫിറ്റ്നെസ് സെന്റർ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഫിറ്റ്നെസ് ഇൻസ്ട്രക്ടർമാരുടെ നിയമനം വേഗത്തിൽ നടത്തി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 ചെലവഴിച്ച തുകയ്ക്ക് സാധനങ്ങൾ ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 104/22 | |
| പ്രോജക്ടിന്റെ പേര് | നരിക്കുനി CHCയിലെ CDMA കരാർ ജീവനക്കാർക്ക് വേതനം നൽകൽ<br>കുറിപ്പ്: പ്രോജക്ടിന്റെ പേര് വേതനം നൽകൽ എന്നാണെങ്കിലും ഹോണറേറിയം നൽകുകയാണ് ലക്ഷ്യം | |
| നിർവഹണോദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | |
| വകയിരുത്തിയ തുക | 5,51,312/- രൂപ<br>(വികസന ഫണ്ട് ജനറൽ) | |
| ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി | 1 | 37,936/- രൂപ<br>(Bill Reference No. (BRN) 2116016301070069289З Dt. 24-11-2021) |
| | 2 | 93,450/- രൂപ<br>(Bill Reference No. (BRN) 21160163010700746157 Dt. 04-12-2021) |

| | | |
|---|---|---|
| | | |
| | 3 | 93,875/- രൂപ<br>(Bill Reference No. (BRN) 21160163010700917901 Dt. 01-07-2022) |
| | 4 | 73,650/- രൂപ<br>(Bill Reference No. (BRN) 21160163010701051178 Dt. 03-02-2022) |
| | 5 | 52,750/- രൂപ<br>(Bill Reference No. (BRN) 21160163010701108552 Dt. 11-02-2022) |
| | 6 | 95,650/- രൂപ<br>(Bill Reference No. (BRN) 21160163010701261034 Dt. 07-03-2022) |
| | 7 | 1,04,001/- രൂപ<br>(Bill Reference No. (BRN) 21160163010701473448 Dt. 26-03-2022) |
| ആകെ ചെലവഴിച്ച തുക | | 5,51,312/- രൂപ |

എനേബ്ലിംഗ് കോഴിക്കോട് പദ്ധതിയുടെ ഭാഗമായി നരിക്കുനി CHC ൽ ആരംഭിച്ച CDMC (കമ്മ്യൂണിറ്റി ബേസ്ഡ് ഡിസേബ്ലിറ്റി മേനേജ്മെന്റ് സെന്റർ)ലെ കരാർ ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള പദ്ധതിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേറ്റർ എന്നിവർക്ക് ഹോണറേറിയം നൽകുന്നതിനും, CDMC യുടെ പ്രവർത്തനം സുഗമമാക്കുന്നതിന് കമ്പ്യൂട്ടർ, പ്രിന്റർ, അലമാര, ഓഫീസ് സ്റ്റേഷനറി എന്നിവ വാങ്ങിക്കുന്നതിനുള്ള പ്രൊജക്ടാണിത്. ടി പ്രോജക്ടിന്റെ ഭാഗമായി ഇൻവോയ്സ് പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി മേൽ ബിൽ ക്രമ നമ്പർ 5 പ്രകാരം 52,750/- രൂപ (ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ- 39797/-രൂപ, പ്രിന്റർ- 12,953/-രൂപ ) കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും, പ്രിന്ററും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ 52,750/- രൂപ തടസ്സത്തിൽ വെക്കുന്നു. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-10 ബോർവെൽ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/22 |
| പ്രോജക്ടിന്റെ പേര് | നരിക്കുനി CHCയിൽ ബോർവെൽ നിർമ്മാണം |
| നിർവഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (സിഎച്ച്സി), നരിക്കുനി |
| നിർവഹണ രീതിയുടെ പേര് | ഡെപ്പോസിറ്റ് വർക്ക് |
| വകയിരുത്തിയ തുക | 2,00,000/- രൂപ<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി | 37,805/- രൂപ<br>(Bill Reference No. (BRN) 21160163011301411528 Dt. 22-03-2022) |

ആശുപത്രിയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. മേൽ ബിൽ പ്രകാരം ഭൂജല വകുപ്പിലേക്ക് (Ground Water Department) ബോർവെൽ നിർമ്മിക്കുന്നതിനായി 37805/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പിൽ നിന്നും കിണർ നിർമ്മാണത്തിന്റെ

വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 37,805/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-11 അകലാ പുഴ സംരംക്ഷണം - ജി.ഐ.എസ്. സർവ്വേ പ്രവർത്തനം- ഐ.കെ.എം. സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തില്ല പദ്ധതി പ്രാപ്തിയിലെത്തിയില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | 114/22 (അകലാ പുഴ സംരക്ഷണം - ജി.ഐ.എസ്. സർവ്വേ പ്രവർത്തനം) |
| പദ്ധതി അടങ്കൽ | 6 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 599982/-ബിൽ നമ്പർ : 211660163009800964355 (119995/-രൂപ)<br>ബിൽ നമ്പർ : 211660163009801057232 (263047/-രൂപ)<br>ബിൽ നമ്പർ : 211660163009801285532 (216940/-രൂപ)<br>ആകെ 599982/- |
| നിർവ്വഹണം | സെക്രട്ടറി |

നന്മണ്ട, കാക്കൂർ, ചേളന്നൂർ, തലക്കുളത്തൂർ പഞ്ചായത്തുകളിൽ കൂടി ഒഴുകുന്ന പുഴ വളരെ മാലിന്യകൂമ്പാരമായി മാറിയിരിക്കുന്നുവെന്നും പുഴയെ വീണ്ടെടുത്ത് കയ്യേറ്റങ്ങൾ കണ്ടെത്തി അതിർത്തി നിർണ്ണയിച്ച് സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി, വിവിധ

വകുപ്പുതല പദ്ധതികൾ എന്നിവ സംയോജിപ്പിച്ച് പുഴയെ വീണ്ടെടുക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനത്തിന്റെ ഭാഗമായി ജി.ഐ.എസ്. സർവേ നടത്താനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രസ്തുത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെയാണ് ഏൽപിച്ചത്. 19.2.2018 ലെ സ.ഉ.(സാധാ)നം. 687/2016/ത.സ്വ.ഭ.വ. , 4.10.2018 ലെ സ.ഉ.(സാധാ)നം.2556/2018/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം ഐ.കെ.എം. ഡവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ്. മേപ്പിംഗ് നടത്താൻ എന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. 4.2.2022 ന് സ്ഥാപനം റിപ്പോർട്ട് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് ഐ.കെ.എം. സോഫ്റ്റ് വെയറുകളുമായി ബന്ധിപ്പിച്ചിട്ടില്ല. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം ആകെ 599982/- രൂപ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഐ.കെ.എം. സോഫ്റ്റ് വെയറുമായി സർവേ വിശദാംശങ്ങൾ ലിങ്ക് ചെയ്യാൻ സാധിക്കുന്നില്ല എന്നാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചത് എന്ന് പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പരിശോധിച്ച് ടി സൗകര്യങ്ങൾ ഉറപ്പു വരുത്താതെയാണ് 5,99,982/- രൂപ ചെലവഴിച്ച് നടത്തിയ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഇനിയും സാമ്പത്തിക ബാധ്യത വരാത്ത വിധം മേൽ സർവേ വിശദാംശങ്ങൾ സോഫ്റ്റ് വെയറിൽ വിന്യസിപ്പിക്കാൻ ഊരാളുങ്കൽ സൊസൈറ്റിയുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെ വിശദാംശം .

| ക്രമ നമ്പർ | എവിടെ നിന്നും ലഭിച്ച | പ്രൊജക്ട് | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | കോഴിക്കോട് കോർപ്പറേഷനിൽ നിന്നും "നഗര സഞ്ചയ പദ്ധതിക്ക വേണ്ടി" | വട്ടാംകുളം കിരാലൂർ പുഞ്ചത്തോട് സംരക്ഷണം | 12,52,058 | 12,52,058 | 0 |
| 2 | തലക്കളത്തൂർഗ്രാമ പഞ്ചായത്ത് | PMAY -ഭവനപദ്ധതി | 3,00,000 | 3,00,000 | 0 |
| 3 | കാക്കൂർ ഗ്രാമ പഞ്ചായത്ത് | PMAY -ഭവനപദ്ധതി | 2,80,000 | 2,80,000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | PMAY -ഭവന പദ്ധതി | 785000 | 785000 | 0 |
| | ആകെ | | 2617058 | 2617058 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), നരിക്കുനി, നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയോ, തുകകളുടെ വിനിയോഗ വിവരമോ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവഹണോദ്യോഗസ്ഥ | വകയിരുത്തിയ തുക | ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| | | | | |
| 56/22 | നരിക്കുനി CHCയിൽ ബോർവെൽ നിർമ്മാണം | മെഡിക്കൽ ഓഫീസർ (സിഎച്ച്സി), നരിക്കുനി | 2,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 37,805/- രൂപ (Bill Reference No. (BRN) 21160163011301411528 Dt. 22-03-2022) |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് (2004-06) 14 റിപ്പോർട്ട് ഖണ്ഡിക 22 പ്രകാരം തുടർ നടപടി സ്വീകരിക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്കെതിരെ ഗ്രാമവികസന കമ്മീഷണർ വകുപ്പ് നടപടി സ്വീകരി |

| | | | | | |
|---|---|---|---|---|---|
| | | | | | ക്കാൻ നിർദ്ദേശിച്ചു. |
| 2000-01 | 42 | 2002-03 | 11.5.2.116 | തൈക്കണ്ടികളുടെ നിർമ്മാണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി (2011-14) 3-ാം റിപ്പോർട്ട് ഖണ്ഡിക 12 പ്രകാരം നിലവിലെ സ്ഥിതി സമിതിയെ അറിയിക്കണം |
| 2015-16 | 3-14 | 2016-17 | 4.8.1 | ചുമതലാ ലംഘനം | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,90,25,646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,53,30,283 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 90,555 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 52,750 | ശ്രീമതി. ബിന്ദു. എൻ. പി (സി.ഡി.പി.ഒ) |
| 1-10 | 37,805 | ഡോ. രൂപ, മെഡിക്കൽ ഓഫീസർ (CHC നരിക്കുനി) |
| ആകെ | 90,555 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബിന്ദു എൻ. പി, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | നാലുകുടി പറമ്പ്, നടക്കാവ്, കോഴിക്കോട്. |
| ഡോ. രൂപ, മെഡിക്കൽ ഓഫീസർ (CHC നരിക്കുനി) | മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, നരിക്കുനി | കൊമ്മാടത്ത് വീട്, മാങ്കാവ്, കോഴിക്കോട്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക പരാമർശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി. പി7/ 764/10 തീ. 07.08.10 | 1 | 43 (CAR) |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി7/ 121/09 തീ. 09.02.09 | 1 | 35 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(2) തീ.05.05.15 | 3 | 34,39,41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(1) തീ.05.05.15 | 1 | 35 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/ 1369/11 തീ.13.02.12 | 2 | 3-3 (എ,ബി), 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(3) തീ.05.05.15 | 3 | 3-2, 3-3, 3-13 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി8/ 821/2022 തീ.25.05.2022 | 1 | 3-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(5) തീ.05.05.15 | 8 | 3-2(3), 3-8 എ(5,6),3-9(3,4,5), 3-10(2),3-11, 3-12, 3-13, 3-14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(6) തീ.05.05.15 | 5 | 3-1,3-2,3-3,3-6,3-9 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(7) തീ.05.05.15 | 3 | 3-6,3-9,3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി8/ 821/2022(1) തീ.25.05.2022 | 2 | 3-6, 3-8 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(9) തീ.05.05.15 | 4 | 3-2, 3-3, 3-5, 3-6 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/ 808/16 തീ.03.06.17 | 3 | 3-1, 3-2, 3-6 (1) |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1531/2021(1) തീ.10.02.2022 | 6 | 2-1, 3-4, 3-7, 3-8, 3-10, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി8/ 821/2022(2) തീ.25.05.2022 | 3 | 3-1, 3-6, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി8/ 821/2022(3) തീ.25.05.2022 | 4 | 3-3, 3-5, 3-7, 3-12 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1531/2021(4) തീ.10.02.2022 | 6 | 1-12, 3-1, 3-2, 3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി8/ 1531/2021(5) തീ.10.02.2022 | 6 | 1-6, 1-8, 1-10, 1-14, 1-15, 4-11 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി8/ 487/2022 തീ.26.03.2022 | 16 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 3-1, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി8/ 488/2022 തീ.25.03.2022 | 21 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19 1-20, 4-11 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്